# ഗവ.യു.പി.എസ് ചന്തവിള
# തിരുവനന്തപുരം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## 2025-2026

വിദ്യാഭ്യാസം എന്നത് കുട്ടിയുടെ എല്ലാകഴിവുകളുംപുറത്തെടുക്കുന്ന ഒരു പ്രക്രിയയാണ്,അത് വെറുംഅക്ഷരജ്ഞാനമല്ല. അത് ഒരു മാർഗ്ഗമാണ് അതിലൂടെ എല്ലാവർക്കും വിദ്യാഭ്യാസം നേടാൻ കഴിയും

(By education, I mean all-around drawing out of the best in child and man-body, mind, and spirit. Literacy is not the end of education, not even the beginning. It is one of the means whereby men and women can be educated)

Mahatma Gandhi

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 2. സ്കൂൾ കോഡ് | : | 43447 |
| 3. സ്കൂളിന്റെ പേര് | : | ഗവ. യു .പി .എസ് ചന്തവിള |
| 4. മേൽവിലാസം | : | കാട്ടായിക്കോണം (പി ഒ) .തിരുവനന്തപുരം , |
| 5. പിൻകോഡ് | : | 695584 |
| 6. ഫോൺ നമ്പർ | : | |
| 7. ഇ –മെയിൽ അഡ്രസ് | : | |
| 8. കോർപ്പറേഷൻ | : | തിരുവനന്തപുരം ചന്തവിള വാർഡ് |
| 9. വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 10. സബ്ജില്ല | : | കണിയാപുരം |
| 11. ക്ലാസുകൾ | : | 1 മുതൽ7 വരെ |
| 12. മാനേജ്മെന്റ് | : | ഗവൺമെന്റ് |
| 13. പഠനമാധ്യമം | : | മലയാളം ഇംഗ്ലീഷ് |

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷനിൽ ടെക്നോസിറ്റിയായ കഴക്കൂട്ടത്തിന്റെ ഭാഗമായിട്ടുള്ള ചന്തവിള വാർഡിൽ (മാജിക് പ്ലാനെറ്റ് ) കിൻഫ്ര പാർക്കിൽ നിന്നും അരകിലോമീറ്റർ അകലെ ഹൈവേ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്നു. 1936 ഏപ്രിൽ 16 ന് ശ്രീപാദം ചെല്ലപ്പൻപിള്ളയുടെ മാനേജ്മെന്റിൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യപേര് ആദിത്യവിലാസം എൽപിഎസ് എന്നായിരുന്നു.1984 ൽ യുപി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഏകദേശം 98 വയസ് പ്രായമുള്ള ഈ വിദ്യാലയമുത്തശ്ശി ചന്തവിളയിലെ ചുറ്റുമുള്ള പ്രദേശഭഹുമാനപ്പെട്ട പ്രദേശങ്ങളിലെ വിജ്ഞാനദാഹിയായ ജനതയുടെ ഏക ആശ്രയമായിരുന്നു.ജീവിതത്തിന്റെ നാനാതുറകളിലും ഒട്ടനവധി പ്രഗത്ഭരെ സംഭാവനചെയ്ത ഈ വിദ്യാലയം ഇന്നും പുതുതലമുറയ്ക്ക് അക്ഷരവെളിച്ചമേകി പൊതുവിദ്യാഭ്യാസരംഗത്ത് മാതൃകകൾസൃഷ്ടിച്ച് മുന്നേറുന്നു.

ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവു വർദ്ധിപ്പിക്കാൻസ്കൂളിന് കഴിയുന്നു. സ്കൂൾ കാമ്പസിൽ സ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ സഹകരണത്തോടുകൂടി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തികൊണ്ടുള്ള വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തിനെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണ്ടെത്തി ബിആർസി കൗൺസിലേഴ്സ് സഹായത്താൽ ഫലപ്രദമായി കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ ,ജനപ്രതിനിധികൾ ,പി ടിഎ , എസ് എം സി, എംപിടിഎ പൂർവ്വവിദ്യാർത്ഥികൾ ,നാട്ടുകാർ തുടങ്ങിയവരുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. ചിട്ടയായപ്ലാനിംഗ് അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളിലൂടെയും അധ്യാപക മികവിനോടൊപ്പം കുട്ടിയുടെ സർവ്വോന്മുഖമായ വളർച്ചയും ഉറപ്പുവരുത്തുന്നു.ജൈവ സമ്പന്നതയിൽ അലംകൃതമായ സ്കൂൾകാമ്പസ് ശിശു സൗഹൃദ വിദ്യാവനം, ജൈവവൈവിധ്യപാർക്ക് എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. പഠനാന്തരീക്ഷത്തിന് സാക്ഷികളായി അരയാൽ മുത്തശ്ശിയും പുന്നമരവും കാലങ്ങളായി നിലകൊള്ളുന്നു. അങ്ങനെ **സ്കൂൾതന്നെ പാഠപുസ്തകം** എന്ന വിശാലമായ ആശയം ഇവിടെ സാർഥകമാകുന്നു.

## അക്കാദമികം

## നേട്ടങ്ങൾ

2024 2025 അധ്യയന വർഷം 2 കുട്ടികൾക്ക് യു.എസ്.എസ് നേടാനായത് സന്തോഷപൂർവ്വം അറിയിക്കട്ടെ.
കുട്ടികളുടെ നില വാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധി പ്പിക്കുന്നത് വിജയത്തിളക്ക ത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതി യിൽ ആസൂ ത്രണം നടത്തുന്നു.

നാഷണൽ സയൻസ് ഇൻനവേഷൻ പ്രേജ ക്റ്റ് മത്സരത്തിൽ ആറാം ക്ലാസ്സിലെ 2 കുട്ടികൾതെരഞ്ഞെടുത്തു.
ഇവ ഈ സ്കൂളിലെ കുട്ടികൾക്ക് സാധിക്കുന്നു എന്നത് അക്കാദമിക മിക വിന്റെ ഏറ്റവും വലിയ തെളിവാണ്.
അക്കാദമിക നിലവാരത്തിൽ ഒന്നാം സ്ഥാനത്തേക്ക് കുതിച്ചെത്തിയ സ്കൂൾ പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്നു.

**പാഠ്യപാഠ്യേതര വിഷയങ്ങൾക്ക് തുല്യ പ്രാധാന്യം നൽകുന്ന ഈ വിദ്യാല യം സബ്ജില്ലാതലത്തിൽ ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തിപരിചയ മേളകളി ലും സ്കൂൾ കലോത്സവ മേളകലിലും മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു വരുന്നു.**

പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമാണ " ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമികം

### പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തി എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. ശാസ്ത്ര ലാബ്, ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ സ്കൂളിന് പ്രത്യേകമായില്ല. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മ കമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ആവശ്യമാണ്.
ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമ മാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### ഭൗതികം

**നിലവിലെ ഭൗതികസാഹചര്യങ്ങൾ**

നിലവിലെ 60 സെന്റ് ഭൂമിയിൽ

കെട്ടിടങ്ങൾ - 5
ക്ലാസ്മുറികൾ - 9
സയൻസ് ലാബ് - 1
കമ്പ്യൂട്ടർ ലാബ് - 1
ഓഫീസ് - 1
സ്റ്റാഫ് റൂം - 1
സ്റ്റേജ് /ആഡിറ്റോറിയം - 1
ബിആർസി ഓഫീസ് - 1

വർണ്ണക്കൂടാരം നടപ്പിലാകുന്നതോടെ കമ്പ്യൂട്ടർ ലാബ് ഓഫീസ് ആയിമാറും.

## ഭൗതികം

### പരിമിതികൾ

നിലവിലുള്ള ക്ലാസ്സ് മുറികൾ ഓടുമേഞ്ഞതാണ്.
ക്ലാസ്സ് മുറികൾ ഹൈടെക് നിലവാരത്തിലേക്കുയരണം.
ലൈബ്രറിയിൽ വേണ്ടുന്ന പുസ്തകങ്ങൾ ഉണ്ടങ്കിലും അവ വേണ്ടവിധ ത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിം റീഡിംഗ് റൂം സൗകര്യവും മറ്റൊരു വിശാല മായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജ യപഥത്തിലെത്തണം.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധു നിക സൗകര്യമുള്ള ശൗചാല യങ്ങൾ പണിയണം. നില വിലുള്ളവ മെച്ചപ്പെടു ത്തേണ്ടതുമുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുമുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാ ഹിപ്പിക്കുന്ന തിന് ആവശ്യ മായ പരിശീലനം നൽകാൻ പ്രത്യേകം റൂം സൗകര്യമൊരുക്കണം.

## ഭൗതികം

### നേട്ടങ്ങൾ

**സ്റ്റാർസ് വർണ്ണ കൂടാരം പദ്ധതി സ്കൂളിന്റെ പുരോഗതിയുടെ നാഴിക ക ല്ലായിമാറുമെന്നത് നിസംശയം ഉറപ്പിക്കാം.**

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം-അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം (ശാസ്ത്രം, ഗണിതം & SS )
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
10. സ്കോളർഷിപ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ മാസിക
13. അധ്യാപക ശാക് തീകരണം .സ്കൂൾ തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരി പോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. സ്കൂൾ ബ്ലോഗ്
20. ഭാഷാ ലാബ്
21. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

22. ഗവേഷണാത്മക പഠനം

23. കായികശേഷി വികസനം

24. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

25. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ

26. ജന്മദിന പുസ്തകം

27. ചിത്രരചനാ ക്യാമ്പ്

28. ശാസ്ത്ര, ഗണിതശാസ്ത്ര, SS, ഐ റ്റി, പ്രവൃത്തിപരിചയ മേളകൾ

29. ക്ലാസ് പി. ടി. എ. കാര്യക്ഷമമാക്കൽ

30. സ്കൂൾ റേഡിയോ

31. സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തൽ

32. നാടൻ പലഹാരമേള

33. ജാലകം ( പൊതുവിജ്ഞാനം)

34. വർണ്ണ കൂടാരം

## പ്രവർത്തനം - വിശദാംശങ്ങൾ

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**

**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

**ഉപമേഖല: ഇംഗ്ലീഷ്**

**പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ.<br>3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | മാസത്തിൽ ഒരിക്കൽ.<br>ആഴ്ചയിൽ ഒരു ദിവസം<br>2 മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | 2000/പി.ടി.എ<br>-<br>പി.ടി.എ |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | വർഷകാലം | മലയാളം ടീച്ചർ, SRG | PTA, I |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | 6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യക്കാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | " | - |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര-നൂതന അിറവുകൾ- കത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

## ഉപമേഖല - സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

## ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, | ആഴ്ചയിൽ എല്ലാ ദിവസവും | കായികാധ്യാപകൻ | |
| | 2.സ്വയം പ്രതിരോധം<br>പെൺകുട്ടികൾക്ക് പരിശീലനം | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷ | ടീച്ചർ | - |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **<u>ശാസ്ത്രലാബ് നവീകരണം</u>** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |

## ഹിന്ദി

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക.<br>2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | ഹിന്ദി ടീച്ചർ | പി.ടി.എ.<br>സ്പോൺസർഷിപ്പ് |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

| ഉപമേഖല: പ്രവൃത്തി പരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

| ഉപമേഖല: കലാരംഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |